File No.LSGD-RA1/343/2021-LSGD

കേരള സർക്കാർ

നം. ആർ.എ1/343/2021-തസ്വഭവ.
തദ്ദേശ സ്വയംഭരണ (ആർ എ) വകുപ്പ്
തിരുവനന്തപുരം.
തീയതി: 08.10.2021

## സർക്കുലർ

വിഷയം:- തസ്വഭവ - മെക്കാനിക്കൽ ജാക്ക് ലിഫ്റ്റിംഗ് ടെക്നോളജി ഉപയോഗിച്ച് നിലവിലുള്ള കെട്ടിടത്തിന്റെ ഉയരം കൂട്ടുന്നതും സ്ഥാനം മാറ്റുന്നതും - സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്:-

സൂചന:- 1) ബഹു. ഹൈക്കോടതിയുടെ 30.3.2021 ലെ W.P.(C) No.4700/2021 മേലുള്ള വിധിന്യായം.

2) ചീഫ് ടൗൺ പ്ലാനറുടെ 23.8.2021 ലെ TCPCTP 1256/2021-E1 കത്ത്.

ശ്രീ. ബിജു.കര്യാക്കോസ് മുതൽപേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) No.4700/2021 നമ്പർ കേസിൻമേലുള്ള 30.3.2021 ലെ വിധിന്യായത്തിൽ മെക്കാനിക്കൽ ജാക്ക് ലിഫ്റ്റിംഗ് ടെക്നോളജി ഉപയോഗിച്ച് നിലവിലുള്ള കെട്ടിടത്തിന്റെ ഉയരം കൂട്ടുന്നതും, സ്ഥാനം മാറ്റുന്നതും സംബന്ധിച്ച കേസുകളിൽ കെട്ടിടനിർമ്മാണ ചട്ടം അനുസരിച്ച് പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിശദമായ നിർദ്ദേശം നൽകണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത കോടതി നിർദ്ദേശമനുസരിച്ച് മെക്കാനിക്കൽ ജാക്ക് ലിഫ്റ്റിംഗ് ടെക്നോളജി ഉപയോഗിച്ച് നിലവിലുള്ള കെട്ടിടത്തിന്റെ ഉയരം കൂട്ടുന്നതിനോ, സ്ഥാനം മാറ്റുന്നതിനോ വേണ്ടിയുള്ള അനുമതിയ്ക്കായി അപേക്ഷകൾ ലഭ്യമാകുന്ന സന്ദർഭങ്ങളിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുവടെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

I. Mechanical Jack Lifting Technology ഉപയോഗപ്പെടുത്തി നിലവിലുള്ള കെട്ടിടത്തിന്റെ ഉയരം കൂട്ടുന്നതോ സ്ഥാനം മാറ്റുന്നതോ ആയ ഏതൊരു പ്രവർത്തിയും structural alteration-ൽ ഉൾപ്പെടുന്നതിനാൽ, അതിനു ചട്ടം 4(2) പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കുന്നതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്ന് അപേക്ഷകനും പ്രസ്തുത അപേക്ഷ പരിശോധിക്കുന്ന തസ്വഭ സ്ഥാപനത്തിലെ സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്.

II. നിലവിലെ കെട്ടിടത്തിൽ മാറ്റം വരുത്തുന്നതിനായുള്ള അപേക്ഷ ചട്ടം 5(1) ൽ നിഷ്കർഷിക്കുന്ന പ്രകാരം ആവശ്യമായ പ്ലാനുകളുടെ പകർപ്പുകളോടും, മറ്റു അനുബന്ധ രേഖകളും സഹിതം അതത് തദ്ദേശ സ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

iii നിലവിലെ കെട്ടിടത്തിന് വരുത്തുന്ന alteration നും അതുമൂലം ആവശ്യമായി വരുന്ന കെട്ടിടത്തിനുണ്ടാകുന്ന ഉയരം, സെറ്റ് ബാക്ക്, സ്ഥാനമാറ്റം , മറ്റു വിവരങ്ങൾ എന്നിവ കൃത്യമായി പ്ലാനിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

iv കെട്ടിട നിർമ്മാണ ചട്ടത്തിൽ നിഷ്കർഷിക്കുന്ന രേഖകളോടൊപ്പം, പ്രസ്തുത പ്രവർത്തിമൂലം കെട്ടിടത്തിന്റെ ഘടനയ്ക്ക് കോട്ടം സംഭവിക്കുന്നില്ലെന്നു സാക്ഷ്യപ്പെടുത്തുന്ന structural എഞ്ചിനീയറുടെ ഒരു Structural Stability Certificate കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

v ഇത്തരത്തിൽ അപേക്ഷകൾ ലഭ്യമാക്കുന്ന പക്ഷം അതത് തദ്ദേശ സ്ഥാപനത്തിലെ സെക്രട്ടറി, അപേക്ഷയും സൈറ്റും പരിശോധിച്ച്, ശരിയെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം സമയബന്ധിതമായി പെർമിറ്റ് നൽകേണ്ടതാണ്.

Biju Prabhakar
Secretary

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)

ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം. (സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ ജില്ലാ ടൌൺ പ്ലാനർമാർക്കും ലഭ്യമാക്കേണ്ടതാണ്)

ചീഫ് ടൌൺ പ്ലാനർ (വിജിലൻസ്).

ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്).

റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം (കൊല്ലം/കൊച്ചി/കോഴിക്കോട്).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി).

വെബ് ആന്റ് ന്യൂ മീഡിയ, ഐ ആന്റ് പി.ആർ.ഡി).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്-തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 11-10-2021 16:59:41
Reason: Approved
സെക്ഷൻ ഓഫീസർ.